പഥി ച്യുതം തിഷ്ഠതി ദിഷ്ടരക്ഷിതം
ഗൃഹേ സ്ഥിതം തദ്വിഹതം വിനശ്യതി
ജീവത്യനാഥോƒപി തദീക്ഷിതോ വനേ
ഗൃഹേƒപി ഗുപ്തോƒസ്യ ഹതോ ന ജീവതി **(7-2-40)**

നാരദൻ പറഞ്ഞു: തന്റെ സഹോദരനായ ഹിരണ്യാക്ഷനെ ഭഗവാൻ വരാഹാവതാരമെടുത്ത് വധിച്ച വിവരമറിഞ്ഞ് ഹിരണ്യകശിപുവിന് കലശലായ ക്രോധമുണ്ടായി. അയാൾ പറഞ്ഞു. "ഈ നീചരായ ദേവന്മാർ വിഷ്ണുവിനെക്കൊണ്ട് എന്റെ സഹോദരനെ കൊല്ലിച്ചു. വിഷ്ണു നിഷ്പക്ഷമതിയൊക്കെയാണെങ്കിലും ഭഗവൽസേവകൊണ്ട്, ദേവന്മാരദ്ദേഹത്തെ വശത്താക്കി. എന്റെ ജ്യേഷ്ഠന്റെ മരണത്തിന് പ്രതികാരമായി ഞാൻ ആ വിഷ്ണുവിനെത്തന്നെ വധിക്കും." ഹിരണ്യകശിപു തന്റെ രാക്ഷസവൃന്ദത്തോട് കൽപ്പിച്ചു. "വിഷ്ണു നിലനിൽക്കുന്നത് ധർമ്മത്തിലൂടെയും ധർമ്മപരിപാലനത്തിലൂടെയുമാണ്. ഇതെല്ലാം ചെയ്യുന്നതോ ദിവ്യപുരുഷന്മാരായ ഋഷിമുനിമാരുമാണ്. അവരെയെല്ലാം നശിപ്പിക്കുന്നതുകൊണ്ട് വിഷ്ണുവും നശിക്കും." രാക്ഷസന്മാർ അവരുടെ യജമാനന്റെ ആജ്ഞ നിറവേറ്റാൻ പുറപ്പെട്ടു. സഹോദരന്റെ അന്ത്യകർമ്മങ്ങൾ നടത്തിയശേഷം ഹിരണ്യകശിപു അമ്മയോടും മറ്റു ബന്ധുക്കളോടുമായി പറഞ്ഞു.

"സങ്കടപ്പെടാതിരിക്കൂ. ഒരു വീരയോദ്ധാവിനെ സംബന്ധിച്ചേടത്തോളം ശത്രുവിനെ നേരിട്ടുകൊണ്ടുള്ള മരണം മഹത്വമേറിയതാണ്. ആത്മാവ് അനശ്വരമത്രേ. ജനനമരണങ്ങളും കണ്ടുമുട്ടലും വേർപിരിയലും എല്ലാം ശരീരവുമായി ബന്ധപ്പെട്ടിരിക്കുന്നു. അവർ ശത്രുക്കളായാലും മിത്രങ്ങളായാലും. ആത്മാവ് അജ്ഞതകൊണ്ട് ശരീരവുമായി ഏകാത്മതാഭാവം കൈക്കൊള്ളുന്നതു കൊണ്ടാണ് ഈ അനുഭവങ്ങളെല്ലാം തോന്നുന്നത്. ഞാൻ ഇതിനെപ്പറ്റി ഒരു കഥ കേട്ടിട്ടുണ്ട്.

സുയജ്ഞൻ എന്ന പേരിൽ ഒരു രാജാവുണ്ടായിരുന്നു. അയാൾ യുദ്ധത്തിൽ കൊല്ലപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യയും ബന്ധുക്കളും കരഞ്ഞു സങ്കടപ്പെട്ട് മൃതദേഹത്തിനു ചുറ്റും ഇരുന്നു. ഭാര്യമാർ സതിയനുഷ്ടിക്കാൻ തയ്യാറായിരുന്നു. അപ്പോഴേക്കും സൂര്യാസ്തമയമായി. യമദേവൻ ഒരു ചെറിയ ബാലന്റെ രൂപത്തിൽ വന്ന് അവരോട് പറഞ്ഞു. "ഈ മുതിർന്നവർ എത്ര വിഡ്ഢികളാണ്? മരിച്ചവർക്കുവേണ്ടി കരയുന്നു. എന്നാൽ മരണം സ്വന്തം വാതിൽക്കലും കാത്തുനിൽക്കുകയാണെന്ന് അവരറിയുന്നില്ല. ഞങ്ങൾ കുട്ടികൾ അനുഗ്രഹീതരാണ്. ഞങ്ങൾക്ക് ആ വക ഭയങ്ങൾ ഒന്നുമില്ല. അമ്മയുടെ ഉദരത്തിൽ വെച്ച് ഞങ്ങളെ സംരക്ഷിക്കുന്നവരാരോ അവരാണ് ഞങ്ങളുടെ ശരിയായ രക്ഷകൻ. നാമെല്ലാം വിധിയുടെ കയ്യിലെ പാവകളത്രേ. വഴിയിൽ വീണുപോയ ഒരു വസ്തു, ഈശ്വരേച്ഛയുണ്ടെങ്കിൽ അവിടെ സുരക്ഷിതമാണ്. ഒരു ഗൃഹത്തിൽ സൂക്ഷിച്ചു വെച്ചിട്ടുള്ള വസ്തു, ഈശ്വരനിശ്ചയം കൊണ്ട് അപ്രത്യക്ഷമാവാം. ഒരു കാട്ടിൽക്കഴിയുന്ന അഗതിക്ക് വിധിയുണ്ടെങ്കിൽ പരിപൂർണ്ണസുരക്ഷിത്വമുണ്ട്. എന്നാൽ ഒരു വീട്ടിൽ സുരക്ഷാ സന്നാഹങ്ങളോടെ കഴിയുന്ന ഒരുവന് വിധിനിയോഗമനുസരിച്ച് മരണവും സാദ്ധ്യമത്രെ. കർമ്മത്താലാണ് ജീവികൾക്ക് ശരീരം ലഭിക്കുന്നത്. എന്നാൽ ആത്മാവ് ശരീരത്തിൽനിന്നും വിഭിന്നമാണ്. അഗ്നി, ആകാശം, വായു ഇവയ്ക്ക് രൂപമുണ്ടാവണമെങ്കിൽ അവ മറ്റു രൂപങ്ങളുമായി കൂട്ടുചേരണം. ഒറ്റയ്ക്ക് അവ രൂപരഹിതവും സ്വതന്ത്രവുമത്രെ. ഈ രാജാവിന്റെ ശരീരത്തിലൂടെ സംസാരിച്ചയാളിനെ നിങ്ങൾ ഇപ്പോൾ കാണുന്നില്ല. എന്നാൽ മരണത്തിനുമുൻപും ഈ ശരീരത്തിലൂടെ സംസാരിച്ചയാളെ നിങ്ങൾ കണ്ടിട്ടില്ലതന്നെ. ഇതിനെയെല്ലാം ഉൺമയെന്നുകരുതുന്നതാണ് അജ്ഞത. മരണഹേതുവും മറ്റൊന്നല്ല. ഒരിക്കൽ രണ്ടിണപ്പക്ഷികൾ പറന്നുപോവുകയായിരുന്നു. അപ്പോൾ ഒരു വേടൻ അതിലൊന്നിനെ അമ്പെയ്തു വീഴ്ത്തി. ആൺകിളി ദു:ഖത്തോടെ പെൺകിളിയെ നോക്കി കരയാൻ തുടങ്ങി. വേടൻ അതിനെയും അമ്പെയ്തു കൊന്നു. സ്വന്തം വാതിൽക്കൽ മരണം മുട്ടുന്നതു കാണാതെ മരിച്ചവർക്കായി നിങ്ങൾ കരയുന്നതു കഷ്ടം തന്നെ." ഈ കുട്ടിയുടെ വാക്കുകൾ കേട്ട് രാജാവിന്റെ ബന്ധുക്കൾ ദു:ഖനിവൃത്തരായി. അതുകൊണ്ട് എന്റെ സഹോദരന്റെ മരണത്തിൽ നിങ്ങൾ സങ്കടപ്പെടരുത്." ഹിരണ്യകശിപുവിന്റെ വാക്കുകൾ കേട്ട് ഹിരണ്യാക്ഷന്റെ വിധവ, തന്റെ മനസ്സ് പരമസത്യത്തിലുറപ്പിച്ച് ശാന്തി നേടി.